
DIGITAL MAGAZINE 2K19-2K20
KITES
SPECTRUM

# ആശംസ

വിദ്യാർത്ഥികളുടെ സാഹിത്യശാസത്ര അഭിരുചികളെ പ്രോത്സാഹിപ്പിക്കുന്ന വൈവിധ്യമാർന്നവിഷയങ്ങൾ ഉൾക്കോള്ളിച്ചും പുറത്തിറങ്ങിയ KITE SPECTRUM ഒരുവിജയമാണെന്നതിൽ സംശയമില്ലസാങ്കേതിക വിദ്യാഭ്യസ രംഗത്ത് മികവുപുലർത്തുന്ന വിദ്യാഭ്യാസത്തിൻെറ പ്രതിഫലനം കൂടിയാണ് എല്ലാവർക്കും നൻമകൾ നേരുന്നതോടൊപ്പം KITE SPECTRUM ന്റെ അണിയറ പ്രവർത്തകർക്ക് എല്ലാവിധ ഭാവുകങ്ങളും ആശംസിക്കുന്നു.

സ്നേഹപൂർവ്വം

ഹെഡ്മിസ്ട്രസ്



# എഡിറ്റോറിയൽ

അനുദിനം വികസിച്ചുകൊണ്ടിരിക്കുന്ന വിവര സാങ്കേതിക വിദ്യയുടെ യുഗത്തിലാണ് നാം ജീവിക്കുന്നത് ലോകമെമ്പാടും സംഭവിച്ചു കൊണ്ടിരിക്കുന്ന മാറ്റങ്ങൾക്കനുസരിച്ച് നമുക്കും സഞ്ചരിക്കാൻ ആവണം. ഡിജിറ്റൽ സാങ്കേതിക വിദ്യ ഉപയോഗിച്ച് തയാറാക്കിയ ഈ മാഗസിൻ വിദ്യാർഥികളുടെ സർഗ്ഗവാസനകളെ സാങ്കേതികയുടെ തലങ്ങളിലേക്ക് ഉയർത്തുന്നു. കണ്ടും കേട്ടും ചെയ്തും ആർജിക്കുന്ന അറിവുകൾ പ്രയോഗതലത്തിലേക്ക് എത്തുന്നതിന്റെ പ്രതിഫലനം ഓരോ രചനകളിലും കാണാനാവും നിറച്ചാർത്തുകൾ നൽകി മനോഹരമാക്കിയ താളുകളിൽ വിദ്യാർഥികളുടെ ഹൃദയത്തുടിപ്പുകൾ ആണ് നമുക്ക് കാണാനാവുക. കമ്പ്യൂട്ടർ സ്ക്രീനിൽ മിന്നിത്തെളിയുന്ന അക്ഷരങ്ങളും ചിത്രങ്ങളും സ്വരുക്കൂട്ടിയ മാഗസിൻ ഇത്തരം പ്രവർത്തനങ്ങൾക്ക് ഒരു വഴികാട്ടിയാവട്ടെ പ്രളയം തകർത്തെറിഞ്ഞ മനസ്സുകളിൽ നിശ്ചയദാർഢ്യത്തിന്റെ പുതിയ ലോകം തീർക്കാൻ സഹായകമാകട്ടെ .



സ്നേഹപൂർവം എഡിറ്റർ

JOYAL BIJU

# ഉള്ളടക്കം

1. ആശംസ ........................................1
2. എഡിറ്റോറിയൽ ........................................2
3. ഉള്ളടക്കം ........................................3
4. സ്കൂൾ ചരിത്രം ........................................4
5. കടംകഥകൾ........................................5
6. വചനങ്ങൾ ........................................7
7. സ്റ്റീഫൻഹോക്കിങ് ........................................8
8. Thought's From Mahatma Gandhi ........................................9
9. കേരളത്തിലെ പ്രളയം ........................................11
10. ജങ്ക് ഫുഡ് ........................................12
11. അമ്മുക്കുട്ടിയും നക്ഷത്രവും ........................................13
12. വാട്സാപ്പും കാലനും ........................................14
13. Mahatma Gandhi ........................................15
14. ഹരിത പ്രഭ ........................................16
15. അമ്മക്കോഴിയും കുട്ടികളും ........................................17
16. സത്യപരീക്ഷ ........................................18
17. രാത്രിവിസ്മയം ........................................19
18. മണ്ണാങ്കട്ടയും കരിയിലയും........................................20
19. ചന്ദ്രനിലേക്കൊരു യാത്ര........................................21
20. നദിയോട്ട ചോദിക്ക........................................22
21. തവളയും പമ്പും ശത്രുക്കളായ കഥ........................................23
22.Vacation........................................24
23.കേരളത്തിലെ ഔഷധ സസ്യങ്ങൾ........................................25
24.നന്ദി........................................26

## സ്ക്രൂൾ ചരിത്രം




ഇടുക്കി ജില്ലയിൽ തൊടുപുഴ വിദ്യാഭ്യാസ ജില്ലയിൽപ്പെട്ട അടിമാലി

ഉപജില്ലയിലെ ഒരു സർക്കാർ ഹൈസ്ക്രൂളാണിത്.ഇടുക്കി കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്തിലെ ഏക ഗവൺമെന്റ് വിദ്യാലയമായ ഈ സ്ക്രൂൾ ചുരുളി എന്ന പ്രദേശത്താണ് സ്ഥിതി ചെയ്യുന്നത്.പ്രധാന ബസ് റൂട്ടിൽ നിന്ന് 900 മീ. അകലെ ആൽപ്പാറയിൽ 2.50 ഏക്കർ സ്ഥലത്താണ് സ്ക്രൂൾ സ്ഥിതി ചെയ്യുന്നത്.

ഹൈറേഞ്ച് മേഖലയിലെ കർഷകത്തൊഴിലാളികളുടെ കുടിയേറ്റ ചരിത്രവുമായി ഇഴ ചേർന്നു കിടക്കുന്നതാണ് ഈ സ്ക്രൂളിന്റെ ചരിത്രം. അറിവ് എന്ന അനശ്വരദീപം വരും തലമുറയ്ക്ക് അന്യമാകരുത് എന്ന സദുദ്ദേശ്യത്തോടെ 1970-ൽ യുപി സ്ക്രൂൾ ആയും 2000-ൽ ഗവൺമെന്റ് ഹൈസ്ക്രൂൾ കഞ്ഞിക്കുഴി എന്ന പേരിൽ ഹൈസ്ക്രൂൾ ആയും ഉയർത്തപ്പെട്ടു.

പ്രീ-പ്രൈമറി മുതൽ പത്താം ക്ലാസ് വരെ വിവിധ ക്ലാസുകളിലായി അനേകം കുട്ടികൾക്ക് അറിവു പകർന്ന് ആൽപ്പാറ ദേശത്തിന്റെ പ്രകാശ

സൗധമായി നിലകൊള്ളുകയാണ്

ഈവിദ്യാലയം.



. *ABHIJITH K KUNJUMON*

# കടംകഥകൾ

1. അകത്തറുത്താൽ പുറത്തറിയും

ചക്കപ്പഴം

2. അകം എല്ലം തോലും പുറം പൊന്ത പൊന്തം.

വൈക്കോൽത്തുറു

3. അക്കരെ നിൽക്കും കാളക്കുട്ടന് അറുപത്തിരണ്ട് മുടിക്കയറ്.

മത്തത്തണ്ട്.

4. അങ്ങുരുണ്ടു ഇങ്ങുരുണ്ടു അങ്ങാടിമുറ്റത്തൊന്നുരുണ്ടു.

കുരുമുളക്

5. ഇത്തിരി പൊന്നോണ്ടകം നിറച്ചു.

മിന്നാമിനുങ്ങ്

6. ഇത്തിരി മുറ്റത്തഞ്ചാളുകൾ.

കൈവിരലുകൾ

7. ഇത്തിരിക്കുഞ്ഞൻ കുഞ്ഞിനെ കരയിപ്പിച്ചു.

ചീനമുളക്

8. ഇലയില്ല പൂവില്ല കായില്ല കരിവള്ളി.

തലമുടി

9. ഉടുതുണിയില്ലാത്തോൻ കുട ചൂടി നിൽക്കുന്നു.

തെങ്ങ്

10. ഉദിച്ചുവരുന്ന ഭഗവാനെ പിടിച്ചു രണ്ടടി.

സ്വർണ്ണം ഉരുക്കി അടിക്കൽ

11. ഉണ്ണാത്ത അമ്മയ്ക്ക് ഒരു മുട്ടൻവയറ്.

വയ്ക്കോൽതുറു

12. ഊതിയാലണയില്ല, മഴയത്തുമണയില്ല, എണ്ണകൂടാതീ വിളക്കു കത്തും.

ഇലക്ട്രിക് ബൾബ്

13. എല്ലാവർക്കും ആവശ്യമാണ്, ആരും പിടിക്കാൻ ശ്രമിക്കുന്നില്ല.

സൂര്യൻ

14. എന്നെ തൊട്ടാൽ തൊടുന്നവനെ തട്ടും.

വൈദ്യുതി

15. എന്റച്ഛന്റെ കുളത്തിലെ വെള്ളം കോരീട്ടും കോരീട്ടും തീരണില്ല.

സമുദ്രം

16. ഒരു കുപ്പിക്ക് രണ്ട് കുഴി.

മൂക്ക്

17. ഒരു കുപ്പിയിൽ രണ്ടെണ്ണ.

കോഴിമുട്ട

18. ഒരു മുറം മലരിലൊരു തേങ്ങാക്കൊത്ത്.

ചന്ദ്രക്കല

19. വായില്ല നാക്കുണ്ട്, നാക്കിന്മേൽ പല്ലുണ്ട്.

ചിരവ

20. കണ്ടാലറിയില്ല, കൊണ്ടാലറിയും.

കാറ്റ്



***JITHU P S***

# വചനങ്ങൾ

**1.**നിങ്ങളുടെ വിശ്വാസങ്ങൾ നിങ്ങളുടെ ചിന്തകളാവുന്നു.ചിന്തകൾ വാക്കുകളും, വാക്കുകൾ പ്രവർത്തികളും, പ്രവർത്തികൾ മൂല്യങ്ങളുമാവുന്നു. നിങ്ങളുടെ മൂല്യങ്ങളാണ് നിങ്ങളുടെ വിധിയാവുന്നത്.- മഹാത്മാ ഗാന്ധി

2.നീ നിന്നെ സ്നേഹിക്കുന്നത് പോലെ നിന്റെ അയൽക്കാരനെയും സ്നേഹിക്കുക-യേശു

3."വിളക്കിന്റെ പ്രകാശത്തിനു നന്ദി പറയുക; എന്നാൽ നിഴലിൽ ക്ഷമയോടെ വിളക്കുപിടിച്ചു നിൽക്കുന്ന ആളെ മറക്കാതിരിക്കയും ചെയ്യുക-രബീന്ദ്രനാഥ് ടാഗോർ

4. ഒരു ജാതി, ഒരു മതം, ഒരു ദൈവം മനുഷ്യന്.-ശ്രീനാരായണഗുരു

**5.**ആരോഗ്യമുള്ള ശരീരത്തിൽ ആരോഗ്യമുള്ള മനസ്സിന്റെ സൃഷ്ടിയാണ് വിദ്യാഭ്യാസം"- അരിസ്റ്റോട്ടിൽ

**6.**നല്ല വാക്കു പറയാൻ സാധിക്കുമ്പോൾ അത് ചെയ്യാതെ അസ്വീകാര്യമായ വർത്തമാനം പറയുന്നത്, മധുരപഴം നിൽക്കെ പച്ചപഴം ഭക്ഷിക്കുന്നത് പോലെയാണ്-തിരുവള്ളുവർ

**7.**ഒരാൾ കച്ചവടം പറഞ്ഞതിന്റെ മേൽ നിങ്ങൾ വിലകൂട്ടി പറയരുത്.-മുഹമ്മദ് നബി

**8.**"നമ്മുടെ പ്രയത്നങ്ങളുടെയെല്ലാം ലക്ഷ്യം കൂടുതൽ സ്വാതന്ത്ര്യമാണ്. കാരണം, പൂർണ്ണസ്വാതന്ത്ര്യത്തിൽ മാത്രമേ പരിപൂർണ്ണത ഉണ്ടാവാൻ തരമുള്ളൂ"-സ്വാമി വിവേകാനന്ദൻ

**9.**ജീവിക്കാൻ വേണ്ടി ഭക്ഷിക്കുക. ഭക്ഷിക്കാൻ വേണ്ടി ജീവിക്കാതിരിക്കുക-സോക്രട്ടീസ d

**10.**എന്റെ ന്യൂനതകൾ ചൂണ്ടിക്കാണിച്ച് തരുന്നവരാണ് എനിക്കേറ്റവും പ്രിയപ്പെട്ടവർ. എന്റെ പോരായ്മകൾ ശ്രദ്ധയിൽ പെടുത്തുന്നവരെ അല്ലാഹു അനുഗ്രഹിക്കട്ടെ.- ഖലീഫാ ഉമർ



. *ALEENA SHIBU*

## സ്റ്റീഫൻ ഹോക്കിങ്



യുകെയിലെ ഓക്സ്ഫഡിൽ ഫ്രാങ് ഹോക്കിങ്ങിന്റെയും ഇസബെലിന്റെയും മകനായി 1942 ജനുവരി എട്ടിനായിരുന്നു ജനനം. ഓക്സ്ഫഡ് സർവകലാശാലയിൽ ബിരുദ പഠനത്തിനു ശേഷം കേംബ്രിജിൽ ഗവേഷണത്തിനുള്ള ഒരുക്കങ്ങൾക്കിടയിൽ 1962 ലാണ് അമയോട്രോഫിക് ലാറ്ററൽ സ്ക്ലീറോസിസ് എന്ന അസുഖം ബാധിച്ചതായി കണ്ടെത്തിയത്. രണ്ടുവർഷത്തെ ആയുസ്സ് മാത്രമാണ് ഡോക്ടർമാർ വിധിച്ചിരുന്നതെങ്കിലും ഏഴുപത്തിയാറു വയസ്സുവരെ ജീവിച്ചു.

എ ബ്രീഫ് ഹിസ്റ്ററി ഓഫ് ടൈം (സമയത്തിന്റെ സംക്ഷിപ്ത ചരിത്രം)' എന്ന ഗ്രന്ഥത്തിലൂടെ ലോകപ്രശസ്തനായി. തമോഗർത്തങ്ങളെക്കുറിച്ചുള്ള പഠനങ്ങളിലൂടെ ശ്രദ്ധേയനായി. 'തിയറി ഓഫ് എവരിതിങ്' എന്ന പേരിൽ  പ്രപഞ്ച ഉൽപത്തിയെ സംബന്ധിച്ച സമഗ്രമായ സിദ്ധാന്തവും അദ്ദേഹം ആവിഷ്കരിച്ചു. ആൽബർട്ട് ഐൻസ്റ്റീനു ശേഷം ലോകത്തു ജീവിച്ചിരിക്കുന്ന ഏറ്റവും പ്രഗൽഭമായ മസ്തിഷ്കത്തിന്റെ ഉടമയെന്ന പേരിനും സ്റ്റീഫൻ ഹോക്കിങ് അർഹനായി.

The Universe in a Nutshell, മകൾ ലൂസിയുമായി ചേർന്നു കുട്ടികൾക്കായി അദ്ദേഹം എഴുതിയ 'George's Secret , ദ് ഗ്രാൻഡ് ഡിസൈൻ, ബ്ലാക്ക് ഹോൾസ് ആൻഡ് ബേബി യൂണിവേഴ്സ്, ഗോഡ് ക്രിയേറ്റഡ് ദ് ഇന്റിജേഴ്സ്, മൈ ബ്രീഫ് ഹിസ്റ്ററി തുടങ്ങിയവയും വായിച്ചിരിക്കേണ്ടതാണ്. ജി.എഫ്.ആർ.എല്ലിസുമായി ചേർന്ന് എഴുതിയ 'സ്കെയിൽ സ്ട്രക്ചർ ഓഫ് സ്പേസ് ടൈം', ഡബ്ല്യു.ഇസ്രയേലിനൊപ്പം എഴുതിയ 'ജനറൽ റിലേറ്റിവിറ്റി' എന്നിവയാണു മറ്റു പ്രധാന രചനകൾ.

2018 മാർച്ച് 14 ന് അദ്ദേഹം അന്തരിച്ചു



*ALEENA SOJAN*

# Thoughts From Mahatma

# GANDHI

1.stregth does not com from physical capuciy.H comes from an indomitabie will

2.Happiness is wehen wehat you think ,wehatyou suy, and wehat you do are in harmony.

3.lhave so meeh to aceomplish to day that must meditate for two hours insteard of one

4.the future alepends on what wedo in the present i futuro depende do lo quegeyamos enel present

5.first they ignore you then they ridicule. You,then they fight you ,and the you wrn

6.A'no'utterrd from the deepest conviction is better than a'yes' merely uttered to please, or worse,to avoid trouble.

7.youmay never know what results come. Of your actions,but if you do nothiny, there will be no results

8. Live as ifyou were to die tomarrow learn asif you were to live forever
9.an eye for an eye only end's up making the whole world blind10. you should be the chunge that you want to see  in the world

**11.Earth provides enough to sutisty every mun's needs but not every mun'sgreed**

**12. thebest way to find youre self is to lose yourte self in thew service of others**

**13. I suppose i leadership at one time ments muscles but today it means getting Along with  people**

**14.frteedom is not worth having if it does  not include the freedom to muke mistakes**

**15.the greatness of a nation and its maral progress can be measared by the way in which it's animal are treated**

**16. no body can hurt  mewithout my permission**

**17. you can't shake thunds with a clenched fist**

**18. the more efficient a force is the moresilentand the more subtleitis**

**19.  the great ness of humanity is not inb being human but in being humane**

**20. Sacrifrice that causes pain is no sacrifice at all true sacrifice is joy giving and uplifting**



*.ANNA MARIA PAUL*

.

# കേരളത്തിലെ പ്രളയം

**2018 ജൂലൈ-ഓഗസ്റ്റ് മാസങ്ങളിൽ തെക്കുപടിഞ്ഞാറൻ കാലവർഷകാലത്ത് ഉയർന്ന അളവിൽ മഴ പെയ്തതിന്റെ ഫലമായാണ് 2018-ലെ കേരള വെള്ളപ്പൊക്ക ദുരന്തം സംഭവിച്ചത്.അതിശക്തമായ മഴയെത്തുടർന്ന് കേരളത്തിലെ മിക്ക ജില്ലകളിലും വെള്ളപ്പൊക്കവും മലയോര മേഖലകളിൽ ഉരുൾപൊട്ടലുമുണ്ടായി. അ ജലനിരപ്പ് ക്രമാതീതമായി ഉയർന്നതോടെ അവയുടെ ഷട്ടറുകൾ തുറന്നുവിട്ടത് വെള്ളപ്പൊക്കത്തിന്റെ ആഘാതം വർദ്ധിപ്പിച്ചു. ചരിത്രത്തിലാദ്യമായാണ് കേരളത്തിലെ 54 അണക്കെട്ടുകളിൽ 35 എണ്ണവും തുറന്നുവിടേണ്ടി വന്നത്. 26 വർഷത്തെ ഇടവേളയ്ക്കു ശേഷമാണ് ചെറുതോണി അണക്കെട്ടിന്റെ 5 ഷട്ടറുകൾ ഒരുമിച്ചു തുറന്നത്.അതിശക്തമായ മഴയിൽ വയനാട് ജില്ല പൂർണമായും ഒറ്റപ്പെട്ടുവെന്നു പറയാം. നദികൾ കരകവിഞ്ഞൊഴുകിയത് റോഡ്, റെയിൽ, വ്യോമ ഗതാഗത ശൃംഖലകളെ പ്രതികൂലമായി ബാധിച്ചു. തൊണ്ണൂറ്റിയൊമ്പതിലെ വെള്ളപ്പൊക്കം എന്നറിയപ്പെടുന്ന 1924-ലെ പ്രളയത്തിനുശേഷം കേരളത്തിലുണ്ടായ ഏറ്റവും വലിയ പ്രളയമെന്നാണ് 2018-ലെ വെള്ളപ്പൊക്കം വിശേഷിപ്പിക്കപ്പെടുന്നത്. കനത്ത മഴയിലും, പ്രളയത്തിലും ഉരുൾപൊട്ടലിലും ഏകദേശം 483 പേർ മരിച്ചതായും 14 പേരെ കാണാതായതായും 140 പേർ ആശുപത്രിയിലായതായും മുഖ്യമന്ത്രി പിണറായി വിജയൻ പ്രളയാനന്തര പ്രവർത്തനങ്ങളെ കുറിച്ച് ചർച്ച ചെയ്യാൻ ചേർന്ന പ്രത്യേക നിയമസഭാ സമ്മേളനത്തെ അറിയിച്ചു. കാലവർഷം ശക്തമായ ഓഗസ്റ്റ് 21 ന് 3,91,494 ലക്ഷം കുടുംബങ്ങളിൽ നിന്നായി 14,50,707 ആളുകൾ ദുരിതാശ്വാസ ക്യാമ്പുകളിൽ ജിവിക്കേണ്ട അവസ്ഥയിലെത്തി കേരളത്തിലെ 14 ജില്ലകളിലും അതീവ ജാഗ്രതാ മുന്നറിയിപ്പ് പ്രഖ്യാപിച്ചു.**

**പ്രളയത്തേയും തൽഫലമായുണ്ടായ കെടുതികളെയും തുടർന്ന് കേരളത്തിന് ഏകദേശം 40,000 കോടി രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ടെന്നാണ് സംസ്ഥാന സർക്കാരിന്റെ പ്രാഥമിക വിലയിരുത്തൽ.വെള്ളപ്പൊക്കത്തെ തുടർന്ന് ലോകമെമ്പാടുമായി വിവിധ രാജ്യങ്ങളിൽ നിന്നും സംഘടനകളിൽ നിന്നും വ്യക്തികളിൽ നിന്നുമായി നിരവധി സഹായ വാഗ്ദാനങ്ങളാണ് കേരളത്തിനു ലഭിച്ചുകൊണ്ടിരിക്കുന്നത്. എന്നാൽ കേന്ദ്ര ഗവൺമെന്റ് വിദേശ സഹായങ്ങൾ സ്വീകരിക്കുന്നതിൽ വിമുഖത കാണിച്ചു. ഇത് രാജ്യമെമ്പാടുമായി കേന്ദ്ര ഗവൺമെന്റിനെതിരെ വലിയ വിമർശനങ്ങൾക്കൾക്ക് വഴിതെളിച്ചു.**



. ***ASWATHY C H***

# ജങ്ക് ഫുഡുകൾ

വലിയ അളവിൽ ഊർജം അടങ്ങിയ എന്നാൽ  പോഷകദായകമായ പ്രോട്ടീനുകളുടേയും വിറ്റാമിനുകളുടേയും മിനലറുകളുടേയും സാന്നിദ്ധ്യമില്ലാത്ത ഭക്ഷ്യവസ്തുക്കളാണ്  ജങ്ക് ഫുഡുകൾ.എളുപ്പം പാകം ചെയ്യാൻ കഴിയുന്ന, രുചികരവും സൗകര്യപ്രദവും പരിഷ്കൃതവുമെന്ന് കരുതിപോരുന്നു.ഭക്ഷ്യ വസ്തുക്കളെല്ലാം ഈ ഗണത്തിൽപ്പെടും.

പ്രോട്ടീനുകളുടേയും വിറ്റാമിനുകളുടേയും മിനറലുകളുടേയും അഭാവം കാരണം ശരീരത്തിനാവശ്യമായ പോഷകങ്ങൾ ഒന്നും ജങ്ക് ഫുഡുകൾ ഷരീരത്തിന് നൽകുന്നില്ല.പകരം ആവശ്യത്തിത്തിലേറെ കലോറി ഒരു അരോഗ്യ പരിഗണനയുമില്ലാതെ ഇവയിൽ ചേർത്ത് വിടുന്നു. പ്രോട്ടീൻ സാനിദ്ധ്യമുള്ള ജങ്ക് ഫുഡുകൾ ഉണ്ടെങ്കില്ലും ഇവ അനാരോഗ്യകരമാം വിധം പൂരിത എണ്ണയുടെ കലവറകളാണ്. ഉപ്പുനിറഞ്ഞ ലഘുകടികൾ, ചൂയിങ് ഗം,കാൻഡി, മധുരം പലഹാരങ്ങൾ, ഫ്രൈ ഫാസ്റ്റ് ഫുഡ്, മധുരം നിറഞ്ഞ കാർബണേറ്റഡ് ശീതള പാനിയങ്ങൾ, പിസ്സ തുടങ്ങിയവയിൽ പലതും ജങ്ക് ഫുഡുകളാണ്.

കീശയ്ക്കൊതിങ്ങിയതും, സൗകര്യപ്രദവും രുചികരവുമായ ജങ്ക് ഫുഡുകൾ വേഗത്തിൽ ആകർഷിക്കുന്നു. ഇത്തരം ന്യൂ ജനറേഷൻ ഭക്ഷ്യവസ്തുക്കളുടെ ആരോഗ്യവശങ്ങളെക്കുറിച്ച് ബോധമില്ലാത്ത പുതുതലമുറ സമയലാഭം ആഗ്രഹിച്ച് ഇന്ന് ജങ്ക് ഫുഡുകൾക്ക് പിന്നാലെയാണ്. ഈ ഭക്ഷണങ്ങളിൽ അടങ്ങിയ ഉയർന്ന അളവിലെ ഉപ്പ് ഉമിനീരിന്റെയും എൻസൈമുകളുടേയും ഉൽപ്പാദനം വർധിപ്പിച്ച് ഈ ഭക്ഷണങ്ങളോടുള്ള നമ്മുടെ താല്പര്യം വർധിപ്പിക്കുന്ന ശീലിച്ചു കഴിഞ്ഞാൽ ഇവയോട് വിട പറയുക പ്രയാസമാണ്.

എം. എസ്.ജി എന്ന കാലൻ രുചി ജങ്ക് ഫുഡുകളുടേയും പ്രോസസ്ഡ് ഫുഡുകളിലേയും പ്രധാന വില്ലനാണ് മോണോസോഡിയം ഗ്ലൂട്ടാമേറ്റ്. 1908 ൽ മോണോസോഡിയം ഗ്ലൂട്ടാമേറ്റ് കണ്ടുപിടിച്ച ജപ്പാൻകാരനായ കികുനേ ഇകടയുടെ കമ്പനിയായ "അജിനാമോട്ടോയുടെ" പേരിലാണ് എം.എസ്. ജി പൊതുവേ അറിയപെടുന്നത്. നമ്മൾ കഴിക്കുന്ന ആഹാരം കൂടുതൽ രുചിയുള്ളതാണെന്നും എം. എസ്. ജി പൊതുവെ അറിയപ്പെടുന്നത്. നമ്മൾ കഴിക്കുന്ന ആഹാരം കൂടുതൽ രുചിയുള്ളതാണെന്നും പ്രോട്ടീൻ അടങ്ങിയതാണെന്നും എം.എസ്. ജി നമ്മെ തോന്നിപ്പിക്കുന്നു.ഇതിലെ ഗ്ലൂട്ടാമിനാണ് നമ്മിൽ ഈ തോന്നൽ സൃഷ്ട്ടിക്കുന്നത്.



*. MARIYAT JAMESH*

# അമ്മുക്കുട്ടിയും നക്ഷത്രവും

.............പുറത്ത് നല്ല നിലാവ് ഉണ്ടായിരുന്നു. അമ്മുക്കുട്ടി ജനലിലൂടെ ആകാശത്തേക്ക് നോക്കി. ആകാശത്ത് മിന്നിത്തിളങ്ങുന്ന ആയിരക്കണക്കിന് നക്ഷത്രങ്ങൾ............ അവളുടെ മനസ്സിൽ എന്തൊക്കെയോ സങ്കടങ്ങൾ മിന്നിമറഞ്ഞു. അങ്ങകലെ കാണുന്ന വലിയൊരു നക്ഷത്രത്തിലേക്ക് നോക്കിയപ്പോൾ അമ്മയുടെ മുഖംഅവളുടെ മനസ്സിൽ തെളിഞ്ഞു.

അമ്മ എന്തൊരു പാവം ആയിരുന്നു. അവധിക്ക് പോലും ഹോസ്റ്റലിൽ നിന്ന് വീട്ടിലേക്ക് പോകാൻ അമ്മുക്കുട്ടിക്ക് ഇഷ്ടമല്ല. വീട്ടിൽ അച്ഛനെ കാണുന്നത് തന്നെ അമ്മുക്കുട്ടിക്ക് വെറുപ്പാണ്. അമ്മുക്കുട്ടിയുടെ അമ്മ ഒരു സ്കൂൾ ടീച്ചർ ആയിരുന്നു . അച്ഛൻ സോഫ്റ്റ്വെയർ എഞ്ചിനീയറും. അച്ഛനും അമ്മയുമൊത്ത് സന്തോഷത്തോടെ ജീവിച്ച ആ കാലത്തിലാണ് അച്ഛന്റെ ജീവിതത്തിലേക്ക് മറ്റൊരു കൂട്ടുകാരി കടന്നുവന്നത്. അതോടെ അമ്മുക്കുട്ടിയുടെ സന്തോഷകരമായ ജീവിതത്തിൽ കരിനിഴലുകൾ വീണു. അച്ഛനും അമ്മയും തമ്മിൽ വഴക്കുകൾ പതിവായി.

ഒരിക്കൽ മദ്യലഹരിയിലായിരുന്ന അച്ഛൻ ടെറസിന് മുകളിൽ നിന്ന് അമ്മയെ താഴേക്ക് തള്ളിയിട്ടു. ആ വീഴ്ചയിൽ ആണ് അമ്മുക്കുട്ടിക്ക് അമ്മയെ നഷ്ടപ്പെട്ടത്. അമ്മയുടെ മരണം ഒരു അപകടം ആക്കി തീർക്കാൻ അച്ഛന് വലിയ ബുദ്ധിമുട്ടുണ്ടായില്ല. അധികം വൈകാതെ അച്ഛൻറെ കൂട്ടുകാരി അച്ഛനോടൊപ്പം വീട്ടിൽ താമസമാക്കി. അമ്മുക്കുട്ടിയെ ഹോസ്റ്റലിൽ അയച്ചു.

മറ്റു കുട്ടികളെ കാണാൻ അച്ഛനും അമ്മയും ഒക്കെ വരുമ്പോൾ അമ്മുക്കുട്ടിയെ കാണാൻ മാത്രം ആരുമില്ല സങ്കടത്തോടെ അവൾ ആകാശത്തേക്ക് നോക്കി ഇരിക്കും. ആകാശത്ത് കാണുന്ന നക്ഷത്രങ്ങൾ അവൾക്ക് അമ്മയുടെ സാന്ത്വനം നൽകി. നന്നായി പഠിച്ച് നല്ലൊരു ജോലി നേടി വിദേശത്തേക്ക് പോകണം. പിന്നീടൊരിക്കലും ഈ നാട്ടിലേക്ക് തിരിച്ച് വരരുത്. ഇതാണ് അമ്മുക്കുട്ടിയുടെ ഇപ്പോഴത്തെ ഏക ചിന്ത. മെല്ലെ മെല്ലെ ജനലിലൂടെ കടന്നുവന്ന തണുത്തകാറ്റ് അവളെ നിദ്രയിലേക്ക് കൊണ്ടുപോയി. അമ്മയുടെ സാന്ത്വനം പോലെ പോലെ അവളുടെ മുടിയിഴകളെ ഇളംകാറ്റ് തലോടിക്കൊണ്ടിരുന്നു.......................



. *JESSINA JEMESH*

# വാട്ട്സ് ആപ്പും കാലനും

..........ടൗണിലെ പലചരക്ക് കടക്കാരനാണ് തോമസുകുട്ടി. പതിവ് പോലെ അന്നും അയാൾ കടയിൽ എത്തി . വെറുതെയിരിക്കുന്ന സമയങ്ങളിൽ മൊബൈലിൽ കുത്തി



കൊണ്ടിരിക്കുക അയാൾക്ക് ഒരു ശീലമാണ് . സ്കൂളിലെ പഴയ കൂട്ടുകാർ ഒരു വാട്സ്ആപ്പ് ഗ്രൂപ്പ് തുടങ്ങിയിട്ടുണ്ട് . അതിലെ മെസ്സേജുകൾ വായിച്ചും, തിരിച്ച് മെസേജുകൾ അയച്ചും അയാൾ വെറുതെയിരിക്കുന്ന സമയങ്ങൾ ചിലവഴിച്ചു .

..................പക്ഷേ ഇന്ന് അയാൾ ഫോൺ എടുക്കാൻ മറന്നു പോയി . അങ്ങനെ അലസമായി ഇരിക്കുമ്പോൾ കാലൻ പലചരക്ക് കടയിൽ എത്തി . കാലനെ കണ്ടു തോമസുകുട്ടി ഞെട്ടിത്തരിച്ചു .കാലൻ പറഞ്ഞു "വരു നമുക്ക് യമപുരിയിലേയ്ക്ക് പുറപ്പെടാം "തോമസുകുട്ടി പറഞ്ഞു "എനിക്ക് 30 വയസ്സേ പ്രായമുള്ളൂ. കാര്യമായ

അസുഖങ്ങളൊന്നുമില്ലാ . പിന്നെ എന്തിനാണ് ഞാൻ ഞാൻ ഇപ്പോൾ മരിക്കുന്നത് "കാലൻ പറഞ്ഞു "ഞാൻ യമപുരിയിൽ നിന്ന് പുറപ്പെടുമ്പോൾ നിന്ന് താങ്കളുടെ പേര് എന്റെ ലിസ്റ്റിൽ ഉണ്ടായിരുന്നില്ല . എന്നാൽ ഇന്ന് താങ്കൾ മൊബൈൽ എടുക്കാൻ മറന്നിരിക്കുന്നു. താങ്കളുടെ ഭാര്യ താങ്കൾ അയച്ചതും നിങ്ങൾക്ക് വന്നതുമായ ആയ എല്ലാ മെസ്സേജുകളും വായിച്ചു കൊണ്ടിരിക്കുകയാണ് "

**ഇത് കേട്ട് തോമസുകുട്ടി നിരാശയോടെ എഴുന്നേറ്റു പറഞ്ഞു "എങ്കിൽ പിന്നെ നമുക്ക് പുറപ്പെടാം വീട്ടിലേക്ക് പോകുന്നതിനേക്കാൾ അതായിരിക്കും നല്ലത് "............**



. ***HONEY R C***

# MAHATMA GANDHI

Mohandas karamchand gandhi was born on octber 2 1869 in probander india at the age of 13. gandhi marrid kasturba gandhi a gir of at some age.

gandhi studied law in London and returned to india in 1891 to pructice in 1893 he took on a one year cofract to do legal work in sout Africa.

At the time when the British controlled top deame his riyhts as a British sudject he was a bused and soon sum that allindias suffeced similar treatment gandhi stayed in south Africa for 21 year s working to secure right for indion peopie.

He developed amethod of action hassed apon the prinplas of couraye nonviolence and trath called satgayaha. He belived that way peple be have is mor important than they achieve.



. ***DANIYA BABU***

# ഹരിത പ്രഭ

പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിലൂടെ കേരളം അക്കാദമികമായി മുന്നേറുമ്പോൾ, കുടിയേറ്റ കർഷക മേഖലയിൽ സ്ഥിതി ചെയ്യുന്ന കഞ്ഞിക്കുഴി ആൽപാറ ഗവ. ഹൈസ്കൂളിൽ അക്കാദമിക രംഗത്ത് ഒരു പുത്തനുണർവ്വ് സൃഷ്ടിക്കുന്നതിന് നൂതനവും, സർഗ്ഗാത്മവുമായ തന്ത്രങ്ങളും സങ്കേതങ്ങളും ആവിഷ്കരിച്ച് നടപ്പാക്കേണ്ടതുണ്ട്. വിദ്യാലയത്തിലെ 90 ശതമാനവും കുട്ടികളും ഉപജീവനത്തിനായി കൃഷിയെ ആശ്രയിക്കുന്നവരാണെങ്കിലും കാർഷിക വൃത്തിയിലേർപ്പെടുന്നതിന്റെ പ്രാധാന്യത്തെക്കുറിച്ച് അവർ മനസിലാക്കുന്നില്ല.

കൃഷി ചെയ്യുന്നവർ മോശക്കാരാണ് എന്ന കുട്ടികളുടെ ധാരണ മാറ്റിയെടുത്ത് ആത്മവിശ്വാസവും, ആത്മാഭിമാനവും ഉത്തരവാദിത്വബോധവുമുള്ള ഒരു തലമുറയെ വാർത്തെടുക്കണം. നമ്മുടെ ഭാഷയുടെയും സംസ്കാരത്തിന്റെയും വളർച്ചയിൽ കൃഷി ചെലുത്തിയിട്ടുള്ള സ്വാധീനം അദ്വിതീയമാണ്. നൂറ്റാണ്ടുകളായി കൃഷിയുമായി ബന്ധപ്പെട്ട് നടത്തിയ പരീഷണ നിരീഷണങ്ങളിലൂടെ കൈവരിച്ച ശ്സ്ത്രീയ നേട്ടങ്ങൾ കുട്ടികൾ സ്വായത്തമാക്കേണ്ടതുണ്ട്. സാധാരണക്കാരായ കുട്ടികളുടെ ബോധമണ്ഡലത്തിൽ നിലകൊള്ളുന്ന കൃഷിയുമായി ബന്ധപ്പെട്ട മുന്നറിവുകളെ അക്ഷരങ്ങളും, പദങ്ങളും വാക്യങ്ങളുമാക്കി മാറ്റി, പ്രൈമറി തലത്തിൽ വായനയ്ക്കും, ലേഖനത്തിനും, ഗണിത ക്രിയകൾക്കും പ്രാവിണ്യം നൽകുന്ന പുത്തൻ പ്രവർത്തനങ്ങൾ നടപ്പിൽ വരുത്തുകയെന്നതാണ് ഹരിത പ്രഭയുടെ ലക്ഷ്യം.

ഗ്രാമാന്തരീക്ഷത്തിൽ നിന്ന് അറിവും കഴിവും,മൂല്യങ്ങളും നല്ല മനോഭാവവുമുള്ള അന്താരാഷ്ട്ര നിലവാരവുമുള്ള വിശ്വപൗരരെ വാർത്തെടുക്കുന്ന പരിശീലന കളരിയാണ് ഹരിത പ്രഭ. പഠന നൈപുണ്യങ്ങളും,ജീവിത നൈപുണ്യങ്ങളും കുട്ടികൾ സ്വയം ആർജിച്ചെടുക്കുന്ന രീതിയിലാണ് ഹരിത പ്രഭ രൂപകൽപന ചെയ്തിട്ടുള്ളത്.

കുട്ടികളുടെ സർഗാത്മകവും ,പ്രകടനപരമായ കഴിവുകളെ പോഷിപ്പിക്കുന്ന പ്രവർത്തനങ്ങളും ഹരിത പ്രഭ വിഭാവനം ചെയ്യുന്നുണ്ട്.പ്രോജക്ട് റിപ്പോർട്ടുകൾ, സെമിനാർ പേപ്പറുകൾ, ഫീൽഡ് ട്രിപ്പുകളുടെ റിപ്പോർട്ടുകൾ തുടങ്ങിയ സ്വതന്ത്രവും, ആത്മാവിഷ്കാരപ്രധാനവുമായ രചനകൾക്ക് അത് അവസരം നൽകുന്നു . കൃഷിച്ചൊല്ലുകൾ, കടംകഥകൾ തുടങ്ങിയവ ശേഖരിക്കുന്നതിനും സൗകര്യമുണ്ട്. വിതപ്പാട്ടുകൾ, കൊയ്ത്തുപാട്ടുകൾ എന്നിവ ആസ്വദിക്കാനും അവ സ്വന്തമായി അവതരിപ്പിക്കാനുമുള്ള വേദിയൊരുക്കുവാനും ഈ പരിപാടി ശ്രദ്ധിക്കുന്നു. ചുരുക്കിപ്പറഞ്ഞാൽ അറിവിന്റെ ലോകത്തിലേക്ക് പൊൻപ്രഭതൂകി ആനയിക്കുന്ന മാർഗ്ഗദീപമാണ് ഹരിത പ്രഭ.



. ***ANUMOL PHILIP***

# അമ്മ കോഴിയും കുട്ടികളും

ഒരു പാടത്ത് അമ്മ കോഴിയും നാല് കുട്ടികളും താമസിച്ചിരുന്നു ആ കുട്ടികളിൽ ഒന്ന് ചുവന്ന നിറമുള്ള കോഴിക്കുഞ്ഞ് ആയിരുന്നുപാവവും ആയിരുന്നു അവൾ വീട്ടിലെ ജോലികൾ ചെയ്യുമായിരുന്നു രണ്ടാമത്തെ കോഴിക്കുഞ്ഞ് എല്ല ദിവസവും മറ്റു ജീവികളുമായി സംസരിക്കുമായിരുന്നു മൂന്നമത്തെകോഴിക്കുഞ്ഞ് അവളുടെ സൗന്ദര്യമാണ് നന്നായി നോക്കിരുന്നത് അവൾ പണിയെടുക്കുന്നസമയത്ത് അവളുടെ തൂവലുകൾ ചീവിക്കൊണ്ട് നടക്കുമായിരുന്നു നാലമത്തെ കോഴിക്കുഞ്ഞ് എപ്പോഴും ഉറക്കമായിരുന്നു

എന്നാൽ ചുവന്ന കോഴിക്കുഞ്ഞ് അമ്മയുടെ ക്രൂടെ എല്ല ദിവസവും ഭക്ഷണം കൊണ്ടുവരുമായിവരുമായിരുന്നു അങ്ങനെ ഒരു ദിവസം അമ്മ കോഴിയും ചുവന്ന കോഴിക്കുഞ്ഞും ഭക്ഷണം തേടി പോയി അപ്പോൾ അവരുടെ വരവും കാത്ത് മൂന്നു കോഴിക്കുഞ്ഞുങ്ങളും ഇരുന്നു അങ്ങനെ അവർ തിരികെ എത്തി അവരുടെ കൈയിൽ ഭക്ഷണം ഇല്ലയിരുന്നു അപ്പോൾ മൂന്ന് കോഴിക്കുഞ്ഞുങ്ങൾക്കും സങ്കടമയി അപ്പോൾ അമ്മപറഞ്ഞു ഞങ്ങൾ തന്നെ പോയൽ ഭക്ഷണം ശേഖരിക്കാൻ കഴിയില്ല അതിനാൽ ഇനി മുതൽ നിങ്ങൾ ക്രൂടി വരണം ആപ്പോൾ രണ്ടമത്തെ കോഴിക്കഞ്ഞ് പറഞ്ഞു എനിക്ക് ഒന്നും പറ്റില്ല മൂന്നമത്തെ കോഴിക്കുഞ്ഞ് പറഞ്ഞു എന്റെ തൂവലുകൾ ചീകി മിനുക്കണം എന്നു പറഞ്ഞു അപ്പോൾ തന്നെ നാലമത്തെ കോഴിക്കുഞ്ഞ് ചാടി പറഞ്ഞു അമ്മെ എനിക്ക് ഉറങ്ങണം അതുക്കൊണ്ട് എന്നൊട് പറയണ്ട ഇങ്ങനെയാണങ്കിൽ ആരുംഭക്ഷണം കഴിക്കേണ്ട അപ്പോൾ ചുവന്ന കോഴിക്കുഞ്ഞ് പറഞ്ഞു

അമ്മെ നമ്മൾക്ക് രണ്ടുപേർക്കുള്ള ഭക്ഷണം ശേഖരിക്കാൻ പോകം അമ്മ പറഞ്ഞു ശരി അങ്ങനെ അവർ പോകൻതുടങ്ങിയപ്പോൾ മൂന്ന് കോഴിക്കുഞ്ഞുങ്ങൾപറഞ്ഞു അമ്മെ ഞങ്ങൾക്ക് ഭക്ഷണം ഇല്ലതെ ജീവിക്കാൻ കഴിയില്ല അതുക്കൊണ്ട് അമ്മെ ഞങ്ങൾ വരാം അങ്ങനെ അവർ എല്ലവരും ഭക്ഷണം ശേഖരിക്കാൻ ഇറങ്ങി എല്ലാവരും ഒരോരുത്തർക്കുള്ള ഭക്ഷണം ശേഖരിച്ചു അവരുടെ കുടുംബം സന്തോഷത്തോടെ മുന്നൊട്ട് പോയി.

ഈ കഥയിൽ നിന്ന് ലഭിക്കുന്ന സന്ദേശം ഒത്തുപിടിച്ചാൽ മലയും നിങ്ങും എന്ന തിരിച്ചറിവാണ് നൽകുന്നത്



. *ANMIRIYAM ROY*

# സത്യപരീക്ഷകൾ

* വിഷപരീക്ഷ – വിഷപ്പാമ്പിൻെറ കൂട്ടിൽ കുറ്റം ചെയ്തയാളുടെ കൈവയ്ക്കുന്നത്. പാമ്പുകടിയേറ്റാൽ കുറ്റം ചെയ്തുന്ന് കണക്കാക്കും.

* ജലപരീക്ഷ – മുതലയുള്ള കുളത്തിൽ കുറ്റം ചെയ്തയാളെ ഇറക്കുന്നത്. മുതല പിടിച്ചാൽ കുറ്റം ചെയ്തു എന്നു കരുതും.

* അഗ്നി പരീക്ഷ – തിളച്ച എണ്ണയിലോ നെയ്യിലോ കുറ്റാരോപിതൻെറ കൈവിരൽ മുക്കും.

* വിരൽ പൊള്ളിയാൽ കുറ്റം ചെയ്തിട്ടുണ്ട് എന്നു കണക്കാക്കും. ശുചീന്ദ്രം കൈമുക്ക് അക്കാലത്തെ അറിയപ്പെട്ട അഗ്നിപരീക്ഷയായിരുന്നു.

* തീക്കുപരീക്ഷ – കുറ്റം ചെയ്തയാളെ ആദ്യം ത്രാസിലിരുത്തി തൂക്കിയശേഷം അയാൾ ചെയ്ത കുറ്റങ്ങൾ എഴുതിയ താളിയോല ദേഹത്ത് ചേർത്തുവച്ച് വീണ്ടും തൂക്കും. തൂക്കം അദ്യത്തതിനേക്കാൾ കൂടുതലായാൽ ശിക്ഷ ലഭിക്കും


## ശുദ്ധം അശുദ്ധം

മധ്യകാല ജാതിവ്യവസ്ഥ അനുസരിച്ച് മേൽ ജാതികൾ അശുദ്ധവുമായി കണക്കാക്കിയിരുന്നു. കീഴ്ജാതിക്കാർ മേൽജാതിക്കാരെ തൊട്ടാലും അടുത്തുവന്നാലും കണ്ടാലും മേൽജാതിക്കാരുടെ ശുദ്ധി നഷ്ടപ്പെടും എന്നാണ് കരുതിയിരുന്നത്..........



. JITHU SAJI

# രാത്രിവിസ്മയം





. *ABHIJITH BABU*

.

# മണ്ണാങ്കട്ടയും കരിയിലയും

## കാശിക്കുപോയ കഥ




മണ്ണാങ്കട്ടയും കരിയിലയും നല്ല കൂട്ടുകാരായിരുന്നു . ഒരിക്കൽ അവർ ഇരുവരും കാശിക്കു പോകാൻ തീരുമാനിച്ചു . ഇരുവരും യാത്ര പുറപ്പെട്ടു. നടന്ന് നടന്ന്....

കുറെ എത്തിയപ്പോൾ അതാ ഒരു വലിയ മഴ.മണ്ണാങ്കട്ട പേടിച്ചു പോയി.അവന്റെ ദേഹത്തെ മണ്ണ് ഒലിച്ചു പോകാൻ തുടങ്ങി. കരിയില പറഞ്ഞു.ഞാൻ സഹായിക്കാം. അവൻ വേഗം  മണ്ണാങ്കട്ടയുടെ ദേഹത്ത് കയറിയിരുന്നു. അങ്ങനെ അവൻ രക്ഷപ്പെട്ടു. വീണ്ടും യാത്ര തുടർന്നു.  കുറച്ചെത്തിയപ്പോൾ പെട്ടന്ന് ഒരു വലിയ കാറ്റ്. കരിയില പാറിപറന്നു.അവൻ ആകെ പേടിച്ചുപ്പോയി. അപ്പോൾ മണ്ണാങ്കട്ടയ് ക്ക് ഒരു ബുദ്ധി തോനി. അവൻ വേഗം കരിയിലയുടെ മുകളിൽ കയറിയിരുന്നു. കാറ്റിൽ നിന്ന് കരിയില രക്ഷപ്പെട്ടു. രണ്ടു പേർക്കും സന്തോഷമായി. കാശിയിൽ എത്തുന്നതിനെ മനസിൽ കണ്ട് നീങ്ങി.

കുറേ എത്തിയപ്പോൾ മഴയും കാറ്റും ഒരുമിച്ച് വന്നു. ഇരുവർക്കും പേടിയായി.        ഇനി എന്തു ചെയ്യും?കരിയില വലിയ കാറ്റിൽ പറന്നുപ്പോയി. മണ്ണങ്കട്ട പെരുമഴയത്ത് അലിഞ്ഞു പോയി............



. *ZION P K*

# ചന്ദ്രനിലേക്കൊരു യാത്ര

രാത്രയിൽ ഇരുണ്ട ആകാശത്ത് നക്ഷത്രങ്ങളോടൊപ്പം കാണാറുള്ള അസാധാരണ വലിപ്പമുള്ള സ്വർണത്തളിക പ്രാചിനകാലം മുതൽക്കേ ഭൗമ നിവാസികളുടെ കൗതുകമായിരുന്നു.
അത് കൊണ്ട് തന്നെ മറ്റേതൊരു ഗ്രഹത്തേക്കാളുമുപരി ചന്ദ്രനെഎല്ലാക്കാലത്തും നമ്മൾ നിരീക്ഷിച്ച് കൊണ്ടേയിരുന്നു പല കാലഘട്ടളിലും ചന്ദ്രനെകുറിച്ച് നടന്ന പരീക്ഷണങ്ങളും പ്രചരിച്ചിയധികം രസാവഹമാണ്. അൽപം ചന്ദ്രവിശേഷങ്ങളിലേക്ക് നമുക്കൊന്ന് സഞ്ചരിച്ച് നോക്കാം

ചന്ദ്രനെ കുറിച്ച് പ്രചരിച്ചിരുന്ന പല കഥകളും കെട്ട് കഥകളായിരുന്നു എന്ന് വ്യക്തമായത് ഗലീലിയോ
ഗലീലിയുടെ ചാന്ദ്രപരീഷ്ക്കണങ്ങൾ തുചങ്ങിയതിന് ശേഷമാണ് ചന്ദ്രൻ ഭൗമ ഉപഗ്രഹമാണെന്നും
അതിൽ കുന്നുകളും താഴവരകളും ഉണ്ടെന്നും ഗലീലിയോ സമർത്ഥിച്ച 1609 ൽ അദ്ദേഹം ചന്ദ്രന്റെ ചിത്രവും തയ്യാറാക്കി. എന്നിട്ടും ഇന്നത്തെ ചിന്താഗതിയിൽ ചന്ദ്രനെ അംഗീകരിക്കാൻ
അന്ന് മനുഷ്യർ തയാറായിരുന്നില്ല. എന്നതാണ് വാസ്തവം. സ്വന്തമായി നിർമ്മിച്ച ടെലസ്കോപ്പ്
ഉപയോഗിച്ചായിരുന്നു ഗലീലിയോ ഭൂമിയിലിരുന്നു കൊണ്ട് ചാന്ദ്രനെ പഠിച്ചിന്നത് എന്ന് നമുക്കറിയാം
ഗലീലിയോക്ക് മുമ്പേ ഹാൻസ് ലിപ്പർഷെ എന്ന ഡെച്ച് ശാസ്ത്രജ്ഞൻ ടെലസ് കോപ്പ് നിർമിച്ചിരുന്നുവെങ്കിലും ആ ടെലസ് കോപ്പിൽ കാതലായ നിസ് തുല്യമായ അറിവുകൾ പകർന്ന് തന്നതിന്റെ അവകാശം ഗലീലിയോക്ക് മാത്രമാണ്.



. *JOYAS JOSE*

ചന്ദ്രനെകുറിച്ചുള്ള പഠനം ആരംഭിക്കുന്നത് ബി.സി മൂന്നാം ശതകത്തോടെയാണ് എന്നാണ്.

# നദിയോട് ചോദിക്കു

നദിയോട് ചോദിക്കു
കുലം കുത്തി
ഒഴുകുമ്പോൾ
ഇത്രയും
ഊക്ക്
എവിടെ നിന്നു കിട്ടുന്നു എന്ന്.
തുള്ളിയായിരുന്നപ്പോൾ
കിട്ടിയ
അവഗണനയുടെ
ഓർമ്മയിൽ നിന്ന്
എന്നതു പറഞ്ഞു തരും.

# കുറ്റം

സ്വന്തം നിഴൽ കാണുമ്പോഴെല്ലാം ക്ഷമ ചോദിച്ചു
ദൈവത്തോട് ഭൂമിയിൽ മുഴുവൻ പരക്കാൻ
വന്ന വെളിച്ചത്തെ ഉടൽ വലുപ്പത്തിൽ
തടഞ്ഞു വച്ച കുറ്റത്തിന്.



. ***ABHINAV GIRISH***

# തവളയും പാമ്പും ശത്രുക്കളായ കഥ

ഒരു കാട്ടിൽ ഉറ്റസുഹൃത്തുക്കളായി കഴിയുകയായിരുന്നു തവളയും പാമ്പും. തവള ഒരു സ്വാർത്ഥൻ ആയിരുന്നു. എന്നാൽ പാമ്പ് ആകട്ടെ വളരെ നല്ലവനും. അങ്ങനെയിരിക്കെ തവളയുടെ ഏക മകളുടെ കല്യാണം എത്തി. കാശിന് ആവശ്യമേറി വന്നു. തവള ഒന്നും നോക്കാതെ പാമ്പിനോട് കടം ചോദിച്ചു. അവൻ അല്പം കാശ് കൈപ്പറ്റി. മകളുടെ വിവാഹ ശേഷം മൂന്നു മാസത്തിനുള്ളിൽ തന്നെ തീർക്കാം എന്ന് ഉറപ്പ് നൽകുകയും ചെയ്തു.

മകളുടെ വിവാഹം വളരെ ഗംഭീരമായി തവള നടത്തി. പാമ്പിനും വളരെ സന്തോഷമായി. മൂന്നുമാസത്തിനുശേഷം പാമ്പ് തവളയെ കാണാനെത്തി.''അതെ തവളെ  നീ എന്നോട് പറഞ്ഞ് അവധി കഴിഞ്ഞിരിക്കുന്നു. ആ പണം കിട്ടിയിരുന്നെങ്കിൽ എൻറെ മാളത്തിന്റെ പണി എനിക്ക് പൂർത്തിയാക്കാമായിരുന്നു."   തവള തലകുനിച്ചു നിന്നു പറഞ്ഞു "അല്ലയോ സ്നേഹിതാ നിനക്കാണോ കാശിന് ക്ഷാമം?...... നീ എനിക്ക് ഒരു മാസം കൂടി തരൂ..... നിൻറെ പണം മുഴുവനും ഞാൻ തന്നു തീർക്കും." ഇരുവരും സന്തോഷത്തോടെ പിരിഞ്ഞു.

ഒരു മാസത്തിനു ശേഷം വീണ്ടും പാമ്പ് തവളയുടെ വാസസ്ഥലമായ കുളത്തിനരികിൽ എത്തി. എന്നാൽ പാമ്പിനെ കണ്ടപാടെ തവള ഓടിയൊളിച്ചു .പിന്നെ എല്ലാം പാമ്പിനെ കാണുമ്പോൾ തവള ഓടിയൊളിക്കും. അങ്ങനെ  പാമ്പിന് തവളയോട് വെറുപ്പായി. തവളയെ കണ്ടാൽ അവനെ വിഴുങ്ങാൻ അവൻറെ പുറകെ ഓടി. അങ്ങനെയാണ് പാമ്പും തവളയും ശത്രുക്കൾ ആയത്.........



. *ANNA MARIYA PAUL*

# Vacation

It is the vacation time
It is the time to enjoy
Let us play and sing
Let us go for a picnic

It is the fun time
It is the time of no home work
Let the grounds fill with our games
Let the valleys echoed with our melodies

It is the time of no uniform
It is the time of no tution
Let us wear the colours we love
Let us sleep the time we hope

It is the time of no science
It is the time of no maths
So friends let us go to the seashore
And enjoy playing with the waves

It is the time of no rules
Let's see what the pebbles give us
Let us play on the sand
And enjoy the gentle breeze till we want.



. ***JITHUMON P S***


# കേരളത്തിലെ ഔഷധസസ്യങ്ങൾ

## 1. കറുക



ഒരിനം ദുർബല പുൽ ചെടിയാണ് കറുക. ദശ പുഷ്പങ്ങളിലെ ഒരു ഘടകമായ ഇതിൻറെ ശാസ്ത്രനാമം സൈനോഡോൺ ഡാക്ടൈലോൺ എന്നതാണ്.
കഫപിത്തരോഗങ്ങൾ, വിസർപ്പ രോഗങ്ങൾ, ചുട്ടുനീറൽ, ത്വക്ക് രോഗങ്ങൾ എന്നിവയ്ക്കുള്ള ഔഷധമായി ഉപയോഗിക്കുന്നു

## 2. തിപ്പലി



കുരുമുളക് ചെടിയോട് സാദൃശ്യമുള്ള കുറ്റിച്ചെടി. ഇതിൻറെ ശാസ്ത്രനാമം പെപ്പർ ലോങ്ങം എന്നാണ് വാതം, കഫം എന്നിവ ശമിപ്പിക്കുന്നതിനും ദഹന ശക്തി വർദ്ധിപ്പിക്കുന്നതിനും സഹായിക്കുന്നു. ഹീമോഗ്ലോബിനും ശ്വേതരക്താണുക്കളും വർധിപ്പിക്കുന്നതിന് സഹായിക്കുന്നു

## 3. അയമോദകം

ഒരടി വരെ ഉയരത്തിൽ വളരുന്ന ചെറു സസ്യം. ട്രാക്കിസ് പെർമം അമ്മി എന്ന ശാസ്ത്രനാമത്തിൽ അറിയപ്പെടുന്നു. ഇതിൻറെ വിത്ത് നന്നേ ചെറുതും സുഗന്ധമുള്ളതും ആണ്.
കഫ, വാത രോഗങ്ങൾ ശമിപ്പിക്കുന്നു. വിത്തിന് അണുനാശക ശക്തിയുണ്ട്
വയറുവേദന, ദഹനക്കുറവ് എന്നിവ ശമിപ്പിക്കുന്നു



## 4. കറ്റാർവാഴ

ഈ ചെടിയുടെ ഇലകൾ കട്ടിയുള്ളതും മാംസളവും 5-8 സെ.മി വീതി ഉള്ളവയുമാണ് ഇലകളുടെ അടിവശം ഉരുണ്ടതും അരികുകൾ ചെറുമുള്ളുകളോട് കൂടിയവയും ആണ്. തലമുടി നന്നായി വളരുവാൻ



കറ്റാർവാഴ പോള നീർ ചേർന്ന എണ്ണ ഉപയോഗിക്കുന്നു. കറ്റാർവാഴയുടെ ജെൽ ചർമ്മത്തിന്റെ യൗവ്വനം നിലനിർത്തുന്നതിന് സഹായിക്കുന്നു

## 5. പനിക്കൂർക്ക

പനിക്കൂർക്ക തുളസി വർഗത്തിൽ പെട്ട സുഗന്ധിയും ബഹുവർഷ ഔഷധമാണ് വെച്ചപ്പോൾ ഇല തണ്ട്



എന്നീ ഭാഗങ്ങൾ ഔഷധയോഗ്യമാണ് ചുമ,

ജലദോഷം, വയറുകടി എന്നിവ ശമിപ്പിക്കുന്നു

മലബന്ധത്തെ മാറ്റുന്നു

## 6. തഴുതാമ

നിലത്ത് പടരുന്ന ഈ ചെടിയുടെ തണ്ടിന് പർപ്പിൾ നിറമാണ്. ഓരോ ഉപ ശാഖയിലും വ്യത്യസ്ത



വലിപ്പത്തിലുള്ള രണ്ടോ മൂന്നോ ഇലകൾ കാണുന്നു. രക്തശുദ്ധി ചെയ്യാൻ, മൂത്ര വിസർജ്ജനം ത്വരിതപ്പെടുത്തൽ വയറുവേദന എന്നിവയ്ക്ക് നല്ലതാണ് വാദത്തെ ശമിപ്പിക്കുന്നു. നീരിന് വിശേഷപ്പെട്ട ഔഷധമാണ്

## 7. ആര്യവേപ്പ്



12 മീറ്റർ വരെ ഉയരത്തിൽ വളരുന്ന ഇടത്തരം വൃക്ഷമാണ് ആര്യവേപ്പ്. ഇതിൻറെ ഇലകൾക്ക് കയ്പ്പുരസമാണ്. രക്തശുദ്ധി ഉണ്ടാക്കുന്നു ചർമ്മരോഗങ്ങൾക്ക് നല്ലതാണ് കഫം, പിത്തം കുറയ്ക്കുന്നു കണ്ണിന് നല്ലതാണ് വിഷ ശമനമാണ് പ്രമേഹത്തിന് നല്ല ഔഷധമാണ്

## 8. കയ്യോന്നി



കോശ വർധക ഔഷധിയായ ഒരു ഏകവർഷി ചെടിയാണ് കയ്യോന്നി. ഈർപ്പമുള്ള സമതലപ്രദേശങ്ങളി ലും വയൽ വരമ്പുകളിലും സുലഭമായി കാണപ്പെടുന്നു. മുടി വളരുവാൻ സഹായിക്കുന്നു, കാഴ്ചശക്തി വർധിപ്പിക്കുന്നു സമൂലകഷായം നല്ല കരൾ ടോണി കാക്കുന്നു



. ***JOYAS JOSE***

# നന്ദി

ലിറ്റിൽ കൈറ്റസിന്റെ നേതൃത്വത്തിൽ മാഗസിന്റെ നിർമ്മാണത്തിന് പിന്നിൽ പ്രവർത്തിച്ച കരങ്ങൾ ഏറെയാണ്. ഈ സംരംഭത്തിൽ ലേഖനങ്ങളും, കഥകളും, മറ്റു രചനകളും തയ്യാറാക്കി നൽകിയവർ അതിനെ ഡിജിറ്റൽ രൂപത്തിലേക്ക് പരിവർത്തനം ചെയ്തവർ ഇതിന് നേതൃത്വം നൽകിയ അധ്യാപകർ എല്ലാവർക്കും ഒരായിരം നന്ദി... നന്ദി...

little

KITEs